**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **17-03-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **null**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഉള്ള കെ.എസ്.ഇ.ബി ഓഫീസുകൾ ചുവടെ ചേർക്കുന്നു. ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്, ചാത്തന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പാരിപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്. ടി മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾ പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ആദിച്ചനല്ലൂർ ഓവർസിയർ ഓഫീസ് എന്നിവയാണ്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ കെ.എസ്.ഇ.ബി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതികൾ ഒന്നും ആസൂത്രണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ